**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

**CAPE—ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ സഹകരണ വകുപ്പിലെ ജീവനക്കാരുടെയും സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെയും മക്കൾക്കുള്ള പ്രത്യേക സംവരണം, എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോഴ്സുകളിലെ 15% കമ്മ്യൂണിറ്റി/ രജിസ്റ്റേർഡ് സൊസൈറ്റി/ രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള സംവരണം, ന്യൂനപക്ഷ സമുദായ ക്വാട്ടാ സീറ്റിലേയ്ക്കുള്ള സംവരണം എന്നിവയ്ക്ക് അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

സംസ്ഥാനത്തെ കോ–ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (**CAPE**) ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ കോഴ്സുകളിലെ 35% മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളിൽ സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയും രജിസ്ട്രാർ ഓഫ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ/ബാങ്കുകൾ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെയും ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും മക്കൾക്കായി നീക്കി വച്ചിട്ടുള്ള 10% സീറ്റു കളിലെ പ്രവേശനത്തിനായി പരിഗണിക്കുന്ന അപേക്ഷകരുടെ ലിസ്റ്റ് **www.cee-kerala.org, www.cee.kerala.gov.in** എന്നീ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

സർക്കാരും, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റുകളു മായി ഏർപ്പെട്ടിട്ടുള്ള കരാർപ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജുക ളിലെ 15% കമ്മ്യൂണിറ്റി/ രജിസ്റ്റേർഡ് സൊസൈറ്റി/ രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ടയിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്. പ്രസ്തുത ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റും മേൽപ്പറഞ്ഞ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

**കേരളത്തിലെ ന്യൂനപക്ഷപദവിയുള്ള സ്വാശ്രയ കോളേജുകളിലെ ക്രിസ്ത്യൻ/ മുസ്ലീം ന്യൂന പക്ഷ സമുദായ ക്വാട്ടാ സീറ്റുകളിലേയ്ക്ക്** പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വില്ലേജ് ഓഫീസ റിൽ നിന്നും സമുദായം തെളിയിക്കുന്നതിനായി നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ യോഗ്യരാ യവരുടെ ലിസ്റ്റും പ്രസ്തുത വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

**ഹെൽപ് ലൈൻ നമ്പർ : 0471-2332123, 2339101, 2339102, 2339103 & 2339104 (10 am-5pm)**

തിരുവനന്തപുരം
28.06.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**